പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4887 — 14/11/2019-ൽ മറുപടിക്ക്

## എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യത

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത എന്താണ്; അറിയിക്കാമോ; | (എ) കെ ഇ ആർ അധ്യായം XXXI റൂൾ 2 (2) (എ) പ്രകാരം ബന്ധപ്പെട്ട വിഷയത്തിലെ ബിരുദവും ബി.എഡുമാണ് എച്ച്.എസ്.എ കോർ വിഷങ്ങളിലെ നിയമനങ്ങൾക്കുള്ള യോഗ്യത. കൂടാതെ കെ - ടെറ്റ് യോഗ്യത നേടിയിരിക്കണം. ഡിഗ്രിയ്ക്ക് ഫിസിക്സ് മെയിൻ സബ്ജക്ടിനോടൊപ്പം കെമിസ്ട്രിയും കെമിസ്ട്രിയോടൊപ്പം ഫിസിക് സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദേശം സർക്കാർ നല്കിയിരുന്നില്ലെങ്കിലും, ബഹു: KAT ന്റെ O.A No.370/12 മേലുള്ള 19.06.12 ലെ വിധിയെ തുടർന്ന് പി എസ് സി ടി വ്യവസ്ഥ പിന്തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി വിഷയത്തിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയുണ്ടായി. ഫിസിക്സ്/ കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദ തലത്തിൽ മുഖ്യ വിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ് സിഡിയറി വിഷയമായും പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച് എസ് എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിച്ചാൽ മതിയെന്ന് എസ്.സി.ഇ.ആർ.ടി യുടെ കരിക്കുലം സബ് കമ്മിറ്റി ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 6.06.19 ലെ സ.ഉ.(കൈ) നമ്പർ.58/19/പൊ.വി.വ പ്രകാരം ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം |

കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച് എസ് ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 06/06/19 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26/06/19 ലെ സ.ഉ (കൈ) നം.73/19/പൊവിവ പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 06-06-19 വരെ ഫിസിക്സ്/ കെമിസ്ട്രി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസിൽ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെ പിന്നീട് ഒഴിവാക്കുകയുണ്ടായി.

ബി) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 26-06-19-ലെ 73/2019, 08-08-2019 ലെ 118/2019, 20-08-2019 ലെ 128/2019 നമ്പർ ഉത്തരവുകൾ പി.എസ്.സി. അംഗീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപെട്ടിട്ടില്ല

(സി) വകുപ്പിന്റെ 26-06-2019-ലെ 73/2019. 08-08-2019-ലെ 118/2019, 20-08-2019-ലെ 128/2019 നമ്പർ ഉത്തരവുകളനുസരിച്ച് ഫിസിക്സ്, കെമിസ്ട്രി എന്നിവയിലേതെങ്കിലുമൊന്ന് മുഖ്യവിഷയമായി പഠിച്ച ബിരുദവും ഫിസിക്കൽ സയൻസിലുള്ള ബി.എഡ്. ബിരുദവുമുള്ളവരെ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്ക് പി.എസ്.സി. പുറപ്പെടുവിച്ച 227/16 വിജ്ഞാപന പ്രകാരം മതിയായ യോഗ്യതയായി പരിഗണിക്കുമോ; വിശദമാക്കാമോ;

(ഡി) 227/16 വിജ്ഞാപന പ്രകാരമുള്ള എച്ച്. എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് ഫിസിക്സ് , കെമിസ്ട്രി

(സി) യും (ഡി) യും (ഇ) യും 2016 ലെ പി.എസ്.സി നോട്ടിഫിക്കേഷൻ പ്രകാരം എച്ച് .എസ്. ടി ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് അപേക്ഷിച്ച പരീക്ഷയെഴുതിയ പലരുടെയും അപേക്ഷകൾ അവർ ഫിസിക്സ് , കെമിസ്ട്രി എന്ന രണ്ടു വിഷയങ്ങളും പഠിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിക്കുന്നുവെന്നും ആയതിനാൽ ഉപവിഷയം പരിഗണിക്കാതെ മാർക്ക് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. സ.ഉ. (കൈ) നം. 58/19/പൊവിവ ഉത്തരവിന്റെ വെളിച്ചത്തിലല്ല പി.എസ്.സി യുടെ ഈ നടപടി എങ്കിലും ഇക്കാര്യത്തിൽ

എന്നിവയിലേതെങ്കിലുമൊന്നിൽ ബിരുദവും ഫിസിക്കൽ സയൻസിലുള്ള ബി.എഡ്. ബിരുദവുമുള്ളവരെ സർക്കാർ ഉത്തരവുണ്ടായിട്ടും ഉദ്യോഗാർത്ഥികളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്താത്തതും കൂടിക്കാഴ്ചയ്ക്ക് വിളിക്കാത്തതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതിന്റെ കാരണം വിശദമാക്കാമോ;

(ഇ) കഴിഞ്ഞ ഏഴ് വർഷമായി എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനിശ്ചിതത്വം പരിഹരിക്കുന്നതിന് മുൻകൈ എടുക്കുമോ; വ്യക്തമാക്കാമോ?

പി.എസ്.സി സർക്കാരിനെ സമീപിച്ചിട്ടില്ല എങ്കിൽ കൂടി, ഈ സാഹചര്യത്തിൽ മേൽ ഉത്തരവു തീയതി സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കുന്നതിനായാണ് 06/06/2019 മുതൽ മാത്രമേ ടി ഉത്തരവിന് പ്രാബല്യമുള്ളൂവെന്ന് വ്യക്തമാക്കിക്കൊണ്ട് 26-06-2019 ൽ ജി.ഒ (എം.എസ്) നം. 73/19/ പൊവിവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്

സെക്ഷൻ ഓഫീസർ